(സി) സെഡിമെന്റേഷൻ ടാങ്ക്സിൽ വെള്ളം നിറ്റി തെളിഞ്ഞതിനുശേഷമല്ലെ ഫിൽട്ടേഴ്സിലേക്ക വെള്ളം അയക്കുന്നത്;

(ഡി) എത്ര മണിക്കൂർ കൂടുമ്പോഴാണ ഫിൽട്ടേഴ്സ് കഴുകുന്നത്;

(ഇ) വെള്ളം ശുദ്ധിചെയ്യുന്ന വിതരണംചെയ്യുന്ന മറ്റ സ്ഥലങ്ങളിൽ എത്ര മണിക്കൂർ കൂടുമ്പോഴാണ് ഫിൽട്ടേഴ്സ് കഴുകേണ്ടിവരുന്നതെന്ന് ഗവണ്മെണ്ടിന്ന് അറിയാമൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) അതെ.

(ബി) ഉദ്ദേശം ൪,൦൦൦ ഗാലൻ വെള്ളം.

(സി) അതെ.

(ഡി) ഫ്യൂ-ം ൨൪-ം മണിക്കൂറകൊക്കള്ളിൽ.

(ഇ) വെള്ളത്തിലെ അഴുക്കിന്റെ കൂടുതൽ കുറവ അനുസരിച്ച് ൫ മണിക്കൂറിനും ൨൪ മണിക്കൂറിനും മദ്ധ്യേയാണ് ഫിൽട്ടേഴ്സ് കഴുകുന്നത്.

TEXT-BOOKS—PREPARATION OF

360. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: താഴെ പറയുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

സിലബസ്സനുസരിച്ചുള്ള പാഠ്യപുസ്തകങ്ങൾ ന്യായമായി പ്രതിഫലം കൊടുത്തു വിദഗ്ധന്മാരെക്കൊണ്ട തയ്യാറാക്കിക്കുവാൻ ഗവണ്മെണ്ടിനാലോചനയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാഠ്യപുസ്തകങ്ങൾ തയ്യാറാക്കുവാൻ ഒരു വിദഗ്ധ കമ്മിറ്റിയെ ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ അവക്ക പ്രതിഫലം കൊടുക്കേണ്ട കാര്യം ഇതു വരെ നിശ്ചയിച്ചിട്ടില്ല.

UNIFORMS FOR NURSES

361. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ:—

(എ) ൧൯൪൯, ൧൯൫൦, ൧൯൫൧ ഈ സംവത്സരങ്ങളിൽ മെഡിക്കൽ വകുപ്പിലെ നേഴ്സുമാക്കും നേഴ്സുജോലി ചെയ്യുന്ന ഇന്ത്യൻ സിസ്റ്റർമാക്കും യൂണിഫാറത്തിനു് എത്രവാര ശീല വീതമാണ കൊടുത്തത്;

(ബി) ഇറ്റാലിയൻ സിസ്റ്റേഴ്സിന്ന മേൽപറഞ്ഞ കൊല്ലങ്ങളിൽ എത്രവാരവീതം കൊടുത്തു;

(സി) ഈ കൊല്ലം നേഴ്സുമാക്കും, ഇന്ത്യൻ സിസ്റ്റേഴ്സിന്നും, ഇറ്റാലിയൻ സിസ്റ്റേഴ്സിന്നും എത്രവാര വീതം കൊടുത്തു;

(ഡി) മെഡിക്കൽ വകുപ്പിൽ സിസ്റ്റർ ട്യൂട്ടേഴ്സ് എത്രപേർ ഉണ്ട്;

(ഇ) ൧൯൪൯, ൧൯൫൦, ൧൯൫൧, ൧൯൫൨ ഈ കൊല്ലങ്ങളിൽ അവർ ഓരോ വിഭാഗത്തിന്നും എത്രവാര വീതം അനുവദിച്ചിട്ടുണ്ട്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ൧൯൪൯-ൽ ൩൦ വാര.
൧൯൫൦-ൽ ൨൬ വാര.
൧൯൫൧-ൽ ൨൬ വാര.

(ബി) ൧൯൪൯-ൽ ൪൦ വാര.
൧൯൫൦-ൽ ൪൦ വാര.
൧൯൫൧-ൽ ൪൦ വാര.

(സി) നേഴ്സുമാക്കു് ൧൨ വാര.
ഇന്ത്യൻസിസ്റ്റർമാക്കു് ൧൫ ,,
ഇറ്റാലിയൻ സിസ്റ്റർമാക്കു് ൧൫ ,,

(ഡി) രണ്ടു സിസ്റ്റർ ട്യൂട്ടർമാരുണ്ട്.

(ഇ) ൧൯൪൯-ൽ —— വാര.
൧൯൫൦-ൽ ൩൦ ,,
൧൯൫൧-ൽ ൩൦ ,,
൧൯൫൨-ൽ ൧൨ ,,

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു് അടുത്തു മുമ്പു് answer ചെയ്തിട്ടുള്ളതല്ലാ. നെഴ്സുമാക്കുമാത്രം ഈ ഫെ വാര കൊടുത്തതെന്നാണു്?

റാവുബഹദൂർ ടി. കെ. നായർ: ഇതിനു് ഒരിക്കൽ മറുപടി പറഞ്ഞതാണു്.

Mr. President: The same question was answered as question No. 210 on a previous day.

Mr. K. S. Panicker *(Trichur South)*: It is not the same question, Sir.

Mr. President: Yes, I think there is some difference.

Mr. K. S. Panicker *(Trichur South)*: I want an answer.

Rao Bahadur T. K. Nayar *(Minister for Public Health)*: I am here ready to give an answer.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സിസ്റ്റർ ട്യൂട്ടേഴ്സിനു് എത്ര വാര വീതമാണു് കൊടുത്തിട്ടുള്ളതു്?

റാവുബഹദൂർ ടി. കെ. നായർ: അതു് മറുപടിയിൽ പറഞ്ഞിട്ടുണ്ടു്. (ഇ) എന്ന ചോദ്യത്തിന്റെ ഉത്തരം അതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവക്കു് ശമ്പളത്തിൽ വല്ല വ്യത്യാസവുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസ്സുവേണം. പെട്ടെന്നു് പറയാൻ സാധിക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ വിഭാഗക്കാക്കു് ജോലിയിൽ വല്ല വ്യത്യാസവുമുണ്ടോ? സിസ്റ്റർ ട്യൂട്ടേഴ്സിന്റെ കാര്യമാണു് ചോദിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അതു് ഈ ട്യൂട്ടേഴ്സ് എന്ന പേരുകൊണ്ടുതന്നെ വ്യക്തമാണു്. അവക്കു് വല്ല പഠിപ്പിക്കലും കൂടി ഉണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇറാലിയൻ സിസ്റ്റേഴ്സ്, ഇന്ത്യൻ സിസ്റ്റേഴ്സ്, ഇവക്കൊക്കെ വ്യത്യസ്തമായ ശമ്പളമാണു് കൊടുക്കുന്നതെങ്കിൽ അവക്കു് കൊടുക്കുന്ന ശമ്പളത്തിന്റെ തോതനുസരിച്ചു് ശീലയും കൊടുക്കാൻ വിരോധമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഏതൊ ഒരു തോതുവെച്ചിട്ടൊക്കെത്തന്നെയാണു ചീഫ് മെഡിക്കലോഫീസർ ഈ വ്യത്യാസമൊക്കെ വരുത്തീട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനെപ്പറ്റി ഒന്നുനോക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ: എത്ര കാര്യമാണു് അനോക്കേണ്ടതെന്നു് പറഞ്ഞാൽ ഞാൻ അനോക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇറാലിയൻ സിസ്റ്റേഴ്സിനു് ആകെ ഗൗൺ ഇടുന്നവരായതുകൊണ്ടാണൊ കൂടുതൽ ശീല വീതിച്ചു കൊടുക്കുന്നതെന്നു പറയാമൊ?

റാവുബഹദൂർ ടി. കെ. നായർ: മതപരമായിട്ടുള്ള യാതൊരു സംഗതികൊണ്ടുമല്ല തുണിയുടെ വീതം നിശ്ചയിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ശമ്പളം നിശ്ചയിക്കുന്നതൊ?

റാവുബഹദൂർ ടി. കെ. നായർ: അതും അതുകൊണ്ടല്ല. ഓരോരുത്തക്കും ഓരൊ cadre ഉണ്ടു്. അതനുസരിച്ചാണു് ശമ്പളം നിശ്ചയിക്കുന്നതു്. അതനുസരിച്ചാണു കൊടുത്തുവരുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഓരോ cadre നോക്കീട്ടാണു് ശമ്പളം കൊടുക്കുന്നതെങ്കിൽ ഒരേ ജോലി ചെയ്യുന്ന അവക്കു് രണ്ടുകൂട്ടക്കും ഒരുപോലെ ശീല കൊടുക്കേണ്ടതല്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ഞാൻ അങ്ങിനെ പറഞ്ഞില്ലല്ലൊ. ഓരോ cadre അനുസരിച്ചാണു് ശമ്പളം കൊടുക്കുന്നതെന്നാണു് ഞാൻ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: നെഴ്സുമാരുടെ നഗ്നത വേണ്ടത്ര മറക്കുന്നതിനു് എത്ര തുണി വേണമെന്നാണു് പറയുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: അതു് കൃത്യമായിട്ടു് നോക്കീട്ടു പറയേണ്ടതാണു്. അതിനു് ഒരു റിസർച്ചു് നടത്തീട്ടുവേണം. ഇപ്പോഴത്തെ അവർ നഗ്നത മറക്കുന്നതുകൊണ്ടു് ഇതു മതിയെന്നാണു് എന്റെ ഉദ്ദേശം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ പന്ത്രണ്ടു വാരകൊണ്ടു മതിയാകുമൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ: ഞാൻ അതിനു മറുപടി പറഞ്ഞുകഴിഞ്ഞു. തുണി കിട്ടാനുള്ള വിഷമംകൊണ്ടാണ് ഈ ഫ്രഷ് വാര കൊടുത്തിട്ടുള്ളത്. ഇനിയും കിട്ടുമ്പോൾ എട്ടുവാരകൂടി കൊടുക്കുന്നതുമാണ്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതുവരെ അവർ അഞ്ഞനഗ്നകളായി കഴിയണമെന്നാണൊ പറയുന്നതു?

റാവു ബഹദൂർ ടി. കെ. നായർ: അതിനും മറുപടി പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ അവർ കഴിച്ചുകൂട്ടുന്നതു് ഇതിനുമുമ്പു കൊടുത്തിരുന്ന യൂനിഫാറം, പഴയതായാലും എല്ലാം കീറിപ്പോകാനിടയില്ലാത്തതുകൊണ്ടു് അതുകൊണ്ടുംമറും കഴിച്ചുകൂട്ടുന്നുണ്ടെന്നാണു് പറഞ്ഞതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഴയതൊക്കെ തുന്നിക്കെട്ടിക്കൊണ്ടു നടക്കുന്നു എന്നൊ, നടക്കണമെന്നൊ ആണൊ പറയുന്നതു?

റാവു ബഹദൂർ ടി. കെ. നായർ: അവർ കീറിയതൊക്കെ തുന്നിക്കെട്ടിക്കൊണ്ടു നടക്കണമെന്നോ നടക്കുന്നു എന്നൊ അവക്ഷേപമാനകരമായി ഒന്നും പറഞ്ഞതല്ല. ഞാൻ പറയുന്നതിൽ ഒന്നേയുള്ളു. അതായതു ഫ്രഷ് വാര മാത്രമെ കൊടുത്തിട്ടുള്ളു എന്നതുകൊണ്ടു് അവർക്കു നഗ്നതമറക്കാൻ അവരുടെ കയ്യിൽ വേറെ ഒന്നും ഇല്ലെന്നു വിചാരിക്കുന്നതു് ശരിയല്ല

മിസ്റ്റർ പി. കെ. പോറ്റി: ഒരു സ്ത്രീയുടെ നഗ്നത മറയ്ക്കുന്നുണ്ടോ എന്നറിയുന്നതിനു് ഒരു റിസച്ചു് നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് ആശാസ്യമാണെന്നു തോന്നുന്നുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: എനിക്കു് അതു വളരെ ആശാസ്യമായിട്ടാണു് തോന്നുന്നതു്. സാരിയുടുക്കുന്ന ആളുകളുണ്ടു്. വെറും മുണ്ടൊ നാലൊ വാര തുണികൊണ്ടും നഗ്നത മറയ്ക്കുന്ന ആളുകളുമുണ്ടു്. അതുകൊണ്ടു് നഗ്നതമറയ്ക്കാൻ എത്ര തുണി വേണമെന്നതിനു് ഒരു പരിശോധന നടത്തിയിട്ടുവേണം മറുപടി പറയാനെന്നു് ഞാൻ പറഞ്ഞതിൽ അനാശാസ്യതയുണ്ടെന്നു് തോന്നുന്നില്ല.

മിസ്റ്റർ പി. കെ. പോറ്റി: ബഹുമാനപ്പെട്ട മന്ത്രി റിസർച്ചു് എന്നു പറഞ്ഞതിനു് വെറും അനേഷണം എന്നുള്ള അർത്ഥമാണൊ ഞാൻ ധരിക്കേണ്ടതു്?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ധരിക്കുന്നതിനു വിരോധമില്ല.

മിസ്റ്റർ പി. കെ. പോറ്റി: നഴ്സുമാക്കു് ആവശ്യമുള്ളിടത്തോളം നഗ്നത മറക്കുന്നതിനു് ഈ തുണി മതിയാകുമൊ?

റാവു ബഹദൂർ ടി. കെ. നായർ: ഈ പന്ത്രണ്ടുവാര തുണി പോര എന്നു് ഗവൺമെണ്ടതന്നെ സമ്മതിച്ചുകഴിഞ്ഞു. ഫ്രഷ് വാര കൊടുക്കുന്നതിനുള്ള കാരണവും പറഞ്ഞുകഴിഞ്ഞു. ഇതു് നിയമസഭയ്ക്കുതന്നെ അറിയാവുന്നതാണു്. അടുത്ത കോട്ടാ കിട്ടിയാൽ വീണ്ടും തുണികൂടി കൊടുക്കാൻ തയ്യാറാണെന്നു ഗവൺമെണ്ടു പറഞ്ഞു. പിന്നെ നഗ്നത മറക്കാൻ തുണി കൊടുക്കുന്നില്ല എന്നൊക്കെ പറയുന്നതിന്റെ ആവശ്യം മനസ്സിലാകുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവർ മുമ്പു് ആസ്പത്രിൽ വന്നിരുന്നതുപോലെതന്നെ ഇപ്പോഴും ഡീസൻറായിട്ടു വരുന്നുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ വരുന്നില്ലെന്നു് യാതൊരാക്ഷേപവും കിട്ടീട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവർ ഇപ്പോഴും ഡീസൻറായി വരുന്നതു് അവരുടെ കയ്യിൽനിന്നു് പണം ചിലവാക്കീട്ടാണെന്ന ഗവൺമെണ്ടിനു് അറിയാമൊ?

റാവു ബഹദൂർ ടി. കെ. നായർ: ആയിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെ അവർ അവരുടെ കയ്യിൽനിന്നു് പണം ചിലവാക്കുന്നുണ്ടെങ്കിൽ ബാക്കി കൊടുക്കുവാനുള്ള ശീലക്കുള്ളസംഖ്യ വകവെച്ചു് ഗവൺമെണ്ടിനും കൊടുക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇക്കാര്യത്തിൽ ഗവൺമെണ്ടിന്റെ Policy പറയാമെന്നല്ലാതെ അതിൽ കൂടുതലായി ഒരു മറുപടിയും പറയാൻ തരമില്ല. ഇപ്പോൾ അവർ കയ്യിൽനിന്നു് പണം ചിലവാക്കുന്നുണ്ടെങ്കിൽ അതിനു് അവക്കു വേണ്ട സംഖ്യ കൊടുക്കാമെന്നുള്ള ഒരു നയം ഗവൺമെണ്ടു അംഗീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇന്ന തരത്തിൽ യൂനിഫാറം വേണമെന്നു് ഗവമ്മെണ്ടിൽനിന്നും നിയമം വെച്ചിട്ടില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അതിനു് കൃത്യമായ മറുപടി പറയാൻ സാദ്ധ്യമല്ല. ഉണ്ടെന്നാണു് തോന്നുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവക്കു് ഇന്നതരത്തിലുള്ള യൂനിഫാറം വേണമെന്നു് നിയമം ഉണ്ടെങ്കിൽ അതിനു മതിയായ ശീല കൊടുക്കാത്തപക്ഷം അവക്കു കയ്യിൽനിന്നു് പണം ചിലവാക്കേണ്ടിവരുന്നതുകൊണ്ടു് ഈ സംഖ്യ വകവെച്ചുകൊടുക്കയില്ലെന്നു പറഞ്ഞാൽ അതു വിഷമമമല്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അതിനു് ഇപ്പോൾ ഗവമ്മെണ്ടിനു അങ്ങിനെ ഒരു Policy ഇല്ല എന്നു് പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: പണം കിട്ടണമെന്നു് നെഴ്സുമാരുടെ പക്കൽനിന്നു് വല്ല അപേക്ഷയും കിട്ടീട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല. അവക്കു ഒരാക്ഷേപവുമില്ല. ഇവിടെമാത്രമെ ആക്ഷേപമുള്ളു. (ചിരി).

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: തുണിക്കുള്ള ക്ഷാമം തീരുന്നതുവരെ സാധാരണ യൂനിഫാറത്തിലല്ലാതെ അവനവന്റെ ഇഷ്ടംപോലെ വസ്ത്രധാരണം ചെയ്യ വരുവാനായി ഈ നെഴ്സുമാരെ ഗവമ്മെണ്ടു അനുവദിക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇവക്കു കൊടുക്കുന്ന തുണി ഉടുത്തുകൊണ്ടു് വരുവാൻ സാധിക്കുന്നില്ലെന്നു് തോന്നുന്നപക്ഷം ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്റെ അഭിപ്രായത്തോടുകൂടി എങ്ങിനെ വേണമെങ്കിലും ചെയ്യാൻ സാധിക്കും.

UNIFORMS FOR MIDWIVES

362. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ വകുപ്പിലെ സൂതികമ്മിണികൾക്കു യൂണിഫാറത്തിനും മറ്റും ഗവമ്മെണ്ടിൽനിന്നും സൌജന്യമായി ശീലകൾ കൊടുക്കാറുണ്ടൊ;

(ബി) ഉണ്ടെങ്കിൽ ക്ലാസ്സ്, ക്ലാസ്സ്, ക്ലാസ്സ്, ക്ലാസ്സ് ഈ കൊല്ലങ്ങളിൽ എത്രവാര വീതം കൊടുത്തു?

റാവു ബഹദൂർ ടി. കെ. നായർ:

(എ) മെഡിക്കൽ വകുപ്പിലെ സൂതികമ്മിണികൾക്കു പ്രത്യേകം ഒരു യൂണിഫാറം ഇല്ല. ആയതിനാൽ അതിനു ഗവമ്മെണ്ടിൽനിന്നും സൌജന്യമായി ശീലകൾ കൊടുക്കാറില്ല.

(ബി) ഉത്തരം ആവശ്യമില്ല.

Mr. President: An identical question was put as question No. 273.

Mr. K. S. Panicker *(Ezhuvas-Trichur):* No, Sir. The other question is concerned with nurses.

Mr. President: I am speaking of question No. 273 put on 8th August by the same Hon'ble Member.

Mr. K. S. Panicker *(Ezhuvas-Trichur):* But they are not of the Medical Department.

Rao Bahadur T. K. Nayar *(Minister for Public Health):* They belong to the Public Health Department. The present question is about those in the Medical Department.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് ഗ്രാമങ്ങളിലെയാണു്. ഇതു് മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലെ സൂതികമ്മിണികളെക്കുറിച്ചാണു്.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: അവക്കു് യൂനിഫാറം കൊടുക്കാമെന്നു് ഗവമ്മെണ്ടു് തീരുമാനിക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇപ്പോൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അങ്ങിനെ ഏർപ്പാടുചെയ്താൽ ശീല കിട്ടാത്ത വിഷമം അവക്കു നേരിടും.

LIBRARY ARCHIVES Kerala Legislative Assembly